**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2435** **12-12-2022 - ൽ മറുപടിയ്ക്ക്**

**എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുടെ റേഷൻ പരിമിതപ്പെടുത്തിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്ന റേഷൻ അരി, മണ്ണെണ്ണ, ഗോതമ്പ് എന്നിവ പരിമിതപ്പെടുത്തിയ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് റേഷൻ ആയി ഏതെല്ലാം ഇനങ്ങൾ എത്ര അളവിൽ നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (എ) | ഉണ്ട്. ഭക്ഷ്യ ഭദ്രതാനിയമം സംസ്ഥാനത്ത് നിലവിൽ വരുന്നതിനു മുൻപ് എ.പി.എൽ വിഭാഗത്തിന് പ്രത്യേകമായി അലോട്ട്മെന്റ് ലഭ്യമായിരുന്നു. എന്നാൽ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം മുൻഗണനാ വിഭാഗത്തിനു മാത്രമാണ് ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നത്. ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന ഭക്ഷ്യധാന്യമാണ് നിലവിൽ മുൻഗണനേതര വിഭാഗത്തിന് നൽകിവരുന്നത്. മുൻകാലങ്ങളിൽ പ്രതിമാസ നിരക്കിൽ നൽകി വന്നിരുന്ന മണ്ണെണ്ണ, അനുവദിക്കുന്ന അളവിൽ വന്നിട്ടുള്ള കുറവു മൂലം കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ മൂന്നു മാസത്തിലൊരിക്കൽ എന്ന കണക്കിനാണ് നൽകാൻ കഴിയുന്നത്. 2022 ഡിസംബർ മാസത്തിൽ മുൻഗണനേതര - സബ്സിഡി (NPS) വിഭാഗത്തിലെ കാർഡിലെ ഒരംഗത്തിന് 2 കി.ഗ്രാം അരി വീതവും മുൻഗണനേതര-സബ്സിഡിയിതര (NPNS) വിഭാഗത്തിലെ കാർഡുകൾക്ക് 6 കി.ഗ്രാം അരി വീതവും നോൺപ്രയോറിറ്റി സ്ഥാപനം (NPI) വിഭാഗത്തിലെ കാർഡിന് 2 കി.ഗ്രാം അരി വീതവും നൽകി വരുന്നു. വൈദ്യുതീകരിച്ച വീടുള്ള കുടുംബത്തിന് മൂന്നു മാസത്തിലൊരിക്കൽ അര ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ള കുടുംബത്തിന് മൂന്നു മാസത്തിലൊരിക്കൽ 6 ലിറ്റർ മണ്ണെണ്ണ വീതവും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ